## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1108.** 10.06.2019 ൽ മറുപടിയ്ക്ക്

## മയക്ക് മരുന്ന് വ്യാപനത്തിനെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>,, കെ.സി.ജോസഫ്<br>,, അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അടച്ചു പൂട്ടിയ ബാറുകൾ തുറന്ന് കൊടുക്കുകയും പുതിയവ അനുവദിക്കുകയും ചെയ്തിട്ടും മയക്ക് മരുന്നിന്റെ ഉപഭോഗം സംബന്ധിച്ച് ആശങ്കാ ജനകമായ റിപ്പോർട്ടുകളാണ് ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനം മയക്ക് മരുന്ന് കടത്തിന്റെ ഒരു ഹബ്ബായി മാറിയതിനുള്ള കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളം ലഹരി മരുന്ന് വ്യാപനത്തിന്റെ ഒരു ഹബ്ബായി മാറിയിട്ടില്ല. |
| (സി) | ലഹരി മാഫിയയെ ഉന്മൂലനം ചെയ്യുന്നതിന് നിലവിലുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം കൊണ്ട് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; കാലത്തിന് അനുസൃതമായി അതിനെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | ഉണ്ട്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി, പുതുതായി രൂപം കൊണ്ട 12 താലൂക്കുകളിൽ 6 എണ്ണത്തിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും അവയ്ക്ക് ആവശ്യമായ 84 തസ്തികകൾ സൃഷ്ടിക്കുകയും വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 138 അധിക തസ്തികകൾ സൃഷ്ടിക്കുകയും ഓഫീസുകൾക്ക് ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കുകയും മറ്റ് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെയാകെ ഗ്രസിച്ചിരിക്കുന്ന മയക്ക് മരുന്ന് വിപത്തിൽ നിന്നും പുതുതലമുറയെ രക്ഷിക്കുന്നതിന് എന്തൊക്കെ ശക്തമായ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നതോടൊപ്പം സ്കൂൾ/കോളേജ് തലങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ പി.റ്റി.എ.കളുടെ സഹകരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും വിമുക്തി മിഷന്റെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നവ മാധ്യമങ്ങളിലൂടെയുള്ള പ്രചരണം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**